# മഹാത്മാഗാന്ധി സർവ്വകലാശാല

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9495119702

പി.ആർ.ഒ./39/197/2018 2018 സെപ്റ്റംബർ 19

## പത്രക്കുറിപ്പ്

### വൈവാവോസി

മേയിൽ നടന്ന എം.ബി.എ. ഓഫ് കാമ്പസ് പരീക്ഷയുടെ വൈവ വോസി/പ്രോജക്റ്റ് ക്രോംപ്രിഹെൻസീവ് വൈവാവോസി പ്രായോഗിക പരീക്ഷ സെപ്റ്റംബർ 25, 26 തീയതികളിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ നടക്കും. മൂല്യനിർണയത്തിനുള്ള പ്രോജക്റ്റ് അന്നേദിവസം സമർപ്പിക്കണം. പരീക്ഷ സമയക്രമം വെബ് സൈറ്റിൽ ലഭിക്കും.

### പരീക്ഷഫലം

2017 ഒക്ടോബറിൽ നടത്തിയ അഞ്ചാംസെമസ്റ്റർ ബി.എസ്‌സി., സി.ബി.സി.എസ്.എസ്. (മോഡൽ I,II,III) മേഴ്സി ചാൻസ് പരീക്ഷകളുടെ(2009-2012 അഡ്മിഷൻ പുനപരീക്ഷ) ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ നാലു വരെ അപേക്ഷിക്കാം.

മേയിൽ നടന്ന നാലാംസെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ്‌സി. ഫിസിക്സ് (ന്യൂ ആൻഡ് റിന്യൂവബിൾ എനർജി) പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

മേയിൽ നടന്ന നാലാംസെമസ്റ്റർ എം.എസ്‌സി. കണക്ക് റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

മേയിൽ നടന്ന എം.എ. പ്രിന്റ് ആൻഡ് ഇലക്ട്രോണിക്സ് ജേണലിസം നാലാംസെമസ്റ്റർ റഗുലർ, ഇമ്പ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

മേയിൽ നടന്ന എം.എസ്‌സി. ആക്ച്യൂറിയൽ സയൻസ് നാലാംസെമസ്റ്റർ റഗുലർ, ഇമ്പ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

മേയിൽ നടന്ന എം.എസ്‌സി. ഇൻഫർമേഷൻ ടെക്നോളജി (പി.ജി. സി.എസ്.എസ്) റഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ നാലു വരെ അപേക്ഷിക്കാം.

### പ്രാക്ടിക്കൽ പരീക്ഷ

ജൂൺ, ജൂലൈ മാസത്തിൽ നടത്തിയ ബി.എ. ഭരതനാട്യം, മോഹിനിയാട്ടം (കോർ/കോംപ്ലിമെന്ററി-സി.ബി.സി.എസ്. റഗുലർ, സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) എന്നിവയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 26 മുതൽ 28 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിൽ നടക്കും. വിശദവിവരം വെബ്സൈറ്റിൽ ലഭിക്കും.

ജൂൺ, ജൂലൈ മാസത്തിൽ നടത്തിയ ബി.എ. മ്യൂസിക് വോക്കൽ (കോർ/കോംപ്ലിമെന്ററി-സി.ബി.സി.എസ്. റഗുലർ, സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി) എന്നിവയുടെ പ്രാക്ടിക്കൽ പരീക്ഷ

സെപ്റ്റംബർ 27 മുതൽ ഒക്ടോബർ ഒന്നു വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിൽ നടക്കും. വിശദവിവരം വെബ്സൈറ്റിൽ ലഭിക്കും.

ജൂണിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ സി.എസ്.എസ്. ഫാമിലി ആൻഡ് കമ്മ്യൂണിറ്റി സയൻസ് (റഗുലർ) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 26 നും 28 നും അതത് കോളജുകളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

ജൂണിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്റർ സി.എസ്.എസ്. ബി.എസ് സി. ഇലക്ട്രോണിക്സ്, ബി.എസ് സി. കമ്പ്യൂട്ടർ മെയിന്റനൻസ് ആൻഡ് ഇലക്ട്രോണിക്സ് സി.എസ്.എസ്. റഗുലർ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 24 നും 25നും വരെ അതത് കോളജുകളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## സർട്ടിഫിക്കറ്റ് കോഴ്സ്: അപേക്ഷിക്കാം

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് സൗജന്യമായി നടത്തുന്ന ഡിസാസ്റ്റർ മാനേജ്മെന്റ് ലോ ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷിക്കാം. യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത. യോഗ്യത സർട്ടിഫിക്കറ്റുകളുടെയും തിരിച്ചറിയൽ കാർഡിന്റെയും പകർപ്പ് സഹിതം അപേക്ഷ സെപ്റ്റംബർ 28നകം വകുപ്പ് മേധാവി, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട്, നട്ടാശേരി, എസ്.എച്ച്. മൗണ്ട്, കോട്ടയം എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0481 2310165.

## പ്രിൻസിപ്പൽമാരുടെ യോഗം 24ന്

നവംബറിൽ നടക്കുന്ന മൂന്നാം സെമസ്റ്റർ യു.ജി. സി.ബി.സി.എസ്. പരീക്ഷയുമായി ബന്ധപ്പെട്ട് സർവകലാശാലയിലെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളജ് പ്രിൻസിപ്പൽമാരുടെ യോഗം സെപ്റ്റംബർ 24ന(തിങ്കൾ) രാവിലെ 10.30ന് സർവകലാശാല അസംബ്ളി ഹാളിൽ നടക്കും. എല്ലാ കോളജുകളിലെയും പ്രിൻസിപ്പൽ/പ്രതിനിധികൾ നിർബന്ധമായും പങ്കെടുക്കണം.

## ഏകജാലകം: ഒഴിവുള്ള യു.ജി. സീറ്റിൽ പ്രവേശനം

സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ആർട്സ് ആൻഡ് സയൻസ് കോളജുകളിലെ വിവിധ യു.ജി. പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റിലേക്ക് പ്രവേശനം നേടുന്നതിനായി ബന്ധപ്പെട്ട കോളജിൽ സെപ്റ്റംബർ 22നകം അപേക്ഷ നൽകണം. സെപ്റ്റംബർ 17ന ശേഷം ഒഴിവുള്ള സീറ്റിലേക്ക് മെറിറ്റ്/സംവരണ മാനദണ്ഡം പാലിച്ചാണ് പ്രവേശനം. ഏകജാലകം വഴി അപേക്ഷിച്ചവർക്ക് കോളജിൽ അപേക്ഷ നൽകാം. റാങ്ക് പട്ടിക സെപ്റ്റംബർ 24ന് ഉച്ചകഴിഞ്ഞ് രണ്ടിനകം കോളജുകൾ സർവകലാശാല ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യണം. റാങ്ക് പട്ടിക സെപ്റ്റംബർ 24ന് വൈകിട്ട് അഞ്ചിന് ക്യാപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സെപ്റ്റംബർ 25 മുതൽ 27ന് വൈകിട്ട് അഞ്ചിനകം പ്രവേശനം ഉറപ്പാക്കണം. പ്രവേശനം സെപ്റ്റംബർ 30ന നടക്കും. ഒഴിവുള്ള സീറ്റുകളുടെ വിശദാംശം ക്യാപ്പ് വെബ്സൈറ്റിൽ ലഭിക്കും.

## റിസർച്ച് ഗൈഡുമാരുടെ യോഗം 24ന്

വിവിധ പഠനവിഷയങ്ങളിലുള്ള റിസർച്ച് ക്ലസ്റ്റർ രൂപീകരണം സംബന്ധിച്ച ഗവേഷക ഗൈഡുമാരുടെ യോഗം സെപ്റ്റംബർ 24ന് ഉച്ചയ്ക്ക് 2.30ന് സർവകലാശാല അസംബ്ളി ഹാളിൽ നടക്കും. എല്ലാ ഗൈഡുമാരും യോഗത്തിൽ പങ്കെടുക്കണം.

**പബ്ലിക് റിലേഷൻസ് ഓഫീസർ**